LIBRARY ARCHIVES Kerala Legislative Assembly

## കോടതികളിലെ താൽക്കാലിക നിയമനം

35 (1695) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതികളിൽ താൽക്കാലിക നിയമനം നടത്തരുതെന്ന സുപ്രീം കോടതി വിധി നിലവിലുണ്ടോ ;

(ബി) കേരളത്തിൽ വിവിധ ജില്ലകളിലായി തുടങ്ങുന്ന 27 പുതിയ കോടതികളിൽ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ താൽക്കാലിക നിയമനം നടത്തുന്നതിന് ഉത്തരവ് ആയിട്ടുണ്ടോ ;

(സി) എൽ. ഡി. ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിരവധി പേർ നിയമനം കാത്തിരിക്കെ ഇത്തരം താൽക്കാലിക നിയമനങ്ങൾ കോടതി വിധിക്ക് എതിരായിട്ടുള്ളതാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുമോ ?

### ഉത്തരം

(എ) സുപ്രീം കോടതിയുടെ Civil Appeal 979/2014-ലെ 12-2-2014-ലെ വിധിന്യായമനുസരിച്ച് ഹൈക്കോടതികളിലെയും കീഴ്ക്കോടതികളിലെയും തസ്തികകളിലുള്ള ഒഴിവുകൾ നിലവിലുള്ള നിയമമനുസരിച്ച് ഭരണഘടനയിലെ ആർട്ടിക്കിൾ 14, 16 അനുസൃതമായി നികത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി & സി) 13-ാം ധനകാര്യകമ്മീഷന്റെ ഗ്രാന്റ് വിനിയോഗിച്ചാണ് 27 താൽക്കാലിക കോടതികൾ സ്ഥാപിച്ചിരിക്കുന്നത്. ഗ്രാന്റിന്റെ കാലാവധി തീരുന്ന 31-3-2015 വരെയാണ് പ്രസ്തുത കോടതികൾ അനുവദിച്ചിരിക്കുന്നത് എന്നതിനാലാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ ഉത്തരവായിട്ടുള്ളത്. ആയതിനാൽ ഇത് കോടതിവിധിക്ക് എതിരായിട്ടുള്ളതല്ല.

## ശാസ്ത്ര സാങ്കേതിക വകുപ്പ് നടപ്പാക്കുന്ന കാഴ്ച വൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ

36 (1696) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ശാസ്ത്ര സാങ്കേതിക വകുപ്പുവഴി നടപ്പാക്കുന്ന കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

Page 2 of 2

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണത്തിനായി സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി എന്ന പേരിൽ ഒരു സ്ഥാപനം ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഒരു കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുകയും 'Knowledge Partner'-നെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ശാസ്ത്ര ഭവനിൽ ഇതിനായി ഒരു ഓഫീസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സെന്റർ സാങ്കേതിക രംഗത്തുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു ദേശീയ ഉപദേശക സമിതി രൂപീകരിക്കുകയും അന്ധർക്കായി വിവരവിനിമയ സാങ്കേതിക പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. കമ്പ്യൂട്ടറിലും അസിസ്റ്റീവ് ടെക്നോളജിയിലും അന്ധർക്ക് പരിശീലനം നൽകുന്നതിനായി സെന്ററുകൾ തുടങ്ങാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടം 2014 ജൂലൈയിൽ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

## കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ പെൻഷൻ പദ്ധതി

**37 (1697)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പെൻഷൻ പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന് സർക്കാർ നീക്കിവച്ചിട്ടുള്ള തുകയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കൗൺസിലിന്റെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും നിയമനങ്ങൾ പി.എസ്.സി.ക്കു വിടാൻ ഉദ്ദേശിക്കുന്നുണ്ടോ ?



LIBRARY ARCHIVES Kerala Legislative Assembly